**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1255** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കോളേജ് വിദ്യാർത്ഥിനികൾക്ക് 1000 രൂപ പ്രതിമാസ സ്റ്റൈപ്പൻഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കോളേജ് വിദ്യാർത്ഥിനികൾക്കായി പ്രഖ്യാപിച്ച 1000 രൂപ പ്രതിമാസ സ്റ്റൈപ്പൻഡ് എന്ന ഇന്ദിരാ ഗ്യാരന്റി എന്ന് മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം ₹1000 സ്റ്റൈപ്പൻഡ് നൽകുന്ന ഇന്ദിരാ ഗ്യാരന്റി പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**(ബി)** എല്ലാ മാസവും പ്രസ്തുത സ്റ്റൈപ്പൻഡിന്റെ വിതരണം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; മറ്റ് സ്റ്റൈപ്പൻഡുകളോ ഫെല്ലോഷിപ്പുകളോ ലഭിക്കുന്ന പെൺകുട്ടികൾക്കും ഇന്ദിരാ ഗ്യാരന്റിയ്ക്ക് അർഹതയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിവിധ സ്റ്റൈപ്പൻഡുകളും ഗവേഷകർക്കുള്ള ഫെല്ലോഷിപ്പും സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിവിധ സ്റ്റൈപ്പൻഡുകളും ഗവേഷകർക്കുള്ള ഫെല്ലോഷിപ്പുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ, ഗവേഷണ മികവ് ശക്തിപ്പെടുത്തുന്നതിനായി **Kerala Doctoral Research Fellow Project** നടപ്പിലാക്കി UGC/CSIR/JRF ദേശീയ ഫെല്ലോഷിപ്പുകൾക്ക് സമാനമായ മെച്ചപ്പെടുത്തിയ ഡോക്ടറൽ ഫെല്ലോഷിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**